# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5238 | 05.07.2012 ൽ മറുപടിയ്ക്ക്

### ആശ്വാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ആശ്വാസ് പദ്ധതിപ്രകാരം എത്രപേർ വായ്പാ കുടിശ്ശിക തിരിച്ചടച്ച്; | (എ) 'ആശ്വാസ് 2011 പദ്ധതി' പ്രകാരം 36356 പേരുടെ കാർഷിക വായ്പകളും 239376 പേരുടെ കാർഷികേതര വായ്പകളും അടക്കം 275732 പേർ വായ്പകൾ തിരിച്ചടച്ചിട്ടുണ്ട്. |
| (ബി) എത്ര തുക ഈ പദ്ധതിപ്രകാരം ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിൽ കുടിശ്ശികയായി നിന്നിരുന്ന 1007.05 കോടി രൂപ ഈ പദ്ധതിയിലൂടെ പിരിച്ചെടുക്കാൻ കഴിഞ്ഞു. |
| (സി) വായ്പാ തിരിച്ചടച്ചവർക്ക് നൽകിയ ആനുകൂല്യങ്ങൾ വ്യക്തമാക്കാമോ; | (സി) ആശ്വാസ് 2011 കാലയളവിൽ വായ്പാ സഹകരണ സംഘങ്ങളിൽ കുടിശ്ശിക തീർക്കുന്നവർക്കായി പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവയിൽ ഇളവ് അനുവദിച്ചിരുന്നു. കൂടാതെ വായ്പകളുമായി ബന്ധപ്പെട്ട് എല്ലാ ജപ്തി നടപടികളും നിർത്തിവച്ചിരുന്നു. സർക്കുലർ നിർദ്ദേശങ്ങൾക്കുപുറമെ എന്തെങ്കിലും ഇളവുകൾ കൂടുതലായി നൽകണമെന്ന് ഏതെങ്കിലും സഹകരണ സംഘം തീരുമാനം കൈക്കൊള്ളുകയാണെങ്കിൽ ആയത് സഹകരണ വകുപ്പ് മന്ത്രി ചെയർമാനും, സഹകരണ വകുപ്പ് സെക്രട്ടറി അംഗവും, സഹകരണ സംഘം രജിസ്ട്രാർ കൺവീനറുമായ കമ്മിറ്റി മുമ്പാകെ |

അംഗീകാരത്തിന് സമർപ്പിക്കുവാൻ വ്യവസ്ഥ ചെയ്യുകയും ഇപ്രകാരം ലഭിച്ച അപേക്ഷകൾ പരിഗണിച്ച് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

10 ലക്ഷം രൂപവരെയുള്ള കടിശ്ശിക വായ്പകൾ, പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റു ചാർജ്ജുകൾ എന്നിവ ഒഴിവാക്കി വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന നിരക്കോ പദ്ധതി കാലയളവിലുള്ള നിരക്കോ ഏതാണോ കുറവ് അതിൻ പ്രകാരമുള്ള പലിശ നിരക്കിൽ, ആർബിട്രേഷൻ, എക്സിക്യൂഷൻ ഫീസ് എന്നിവ സംഘം അടച്ചിട്ടുണ്ടെങ്കിൽ അതു ഒടുക്കി നിലവിലുള്ള മുതലിനേക്കാൾ അധികരിക്കാത്ത പലിശയടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാൻ പദ്ധതി കാലയളവിൽ അവസരം നൽകിയിരുന്നു.

10 ലക്ഷം രൂപയ്ക്ക് മുകളിൽ കടിശ്ശികയായ വായ്പകൾ പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റു ചാർജ്ജുകൾ എന്നിവ ഒഴിവാക്കി വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശനിരക്കോ ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് അതിൻ പ്രകാരമുള്ള പലിശ നിരക്കിൽ പലിശ തുകയുടെ 10% ൽ അധികരിക്കാത്ത എസ്റ്റാബ്ലിഷ്മെന്റ് ചെലവും ആർബിട്രേഷൻ, എക്സിക്യൂഷൻ ഫീസ് എന്നിവ സംഘത്തിൽ നിന്നും അടച്ചിട്ടുണ്ടെങ്കിൽ അതു ഒടുക്കി വായ്പാ കണക്ക് അവസാനിപ്പിക്കുവാൻ അവസരം നൽകിയിരുന്നു.

(ഡി) ഈയിനത്തിൽ എത്ര രൂപയാണ് ആനുകൂല്യമായി അനുവദിച്ചിട്ടുള്ളത്;

(ഡി) 'ആശ്വാസ് 2011 പദ്ധതി' കാലയളവിൽ 73.13 കോടി രൂപ വായ്പക്കാർക്ക് ആനുകൂല്യമായി അനുവദിച്ചിട്ടുണ്ട്.

(ഇ) വായ്പാ തിരിച്ചടയ്ക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

(ഇ) സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിൽ കടിശ്ശികയായി നിൽക്കുന്ന വായ്പകൾ അടയ്ക്കുന്നതിനുവേണ്ടി 2012 ജൂലൈ 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള 62 ദിവസ

കാലയളവിൽ 'എന്റെ സംഘം' ക്യാമ്പയിന്റെ ഭാഗമായി ആശ്വാസ് 2012 എന്ന പേരിൽ ഒരു കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ